## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2322

08.12.2015-ലെ മറുപടിയ്ക്ക്

## കൺസ്യൂമർ ഫെഡിലെ ഓഡിറ്റിംഗ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.ജി.സുധാകരൻ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | കൺസ്യൂമർഫെഡിന്റെ ഏതു വർഷംവരെയുള്ള ഓഡിറ്റിംഗാണ് പൂർത്തിയായിട്ടുള്ളത്; പൂർത്തിയായ ഓഡിറ്റിംഗ് റിപ്പോർട്ടുപ്രകാരമുള്ള അറ്റ നഷ്ടം എത്രയാണ്; അവസാന വർഷ ഓഡിറ്റിംഗിൽ ചൂണ്ടിക്കാണിച്ച ന്യൂനതകൾ എന്തൊക്കെയാണ്; | (എ) | കൺസ്യൂമർഫെഡിന്റെ 2011-12 വർഷം വരെയുള്ള ആഡിറ്റാണ് പൂർത്തിയായിട്ടുള്ളത്. ആയത് പ്രകാരം ഫെഡറേഷന്റെ അറ്റനഷ്ടം 128.23 കോടി രൂപയാണ്. അവസാന വർഷ ഓഡിറ്റിംഗിൽ ചൂണ്ടിക്കാണിച്ച ന്യൂനതകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | കൺസ്യൂമർഫെഡിന്റെ ഇന്നത്തെ പ്രതിസന്ധി പരിഹരിക്കാൻ എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | കൺസ്യൂമർഫെഡിന്റെ ഇന്നത്തെ പ്രതിസന്ധി പരിഹരിക്കുന്നതിലേക്കായി സബ്സിഡി ഇനത്തിൽ സർക്കാർ നല്കുവാനുള്ള തുക നല്കുന്നതിനുള്ള മാനേജിംഗ് ഡയറക്ടറുടെ ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു. സഹകരണ ഓണം വിപണി-2015 നടത്തുന്നതിനായി സർക്കാർ സബ്സിഡിയായി കൺസ്യൂമർഫെഡറേഷന് 25 കോടി രൂപ നല്കിയിട്ടുണ്ട്. സഹകരണ ക്രിസ്തുമസ് വിപണി-2015 നടത്തുന്നതിലേക്കായി സബ്സിഡി അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്